File No.FWLD-B2/47/2019-FWLD

19614
28/10/19

'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-സീനിയറേജ് നിരക്ക് ഒഴിവാക്കിയ സാഹചര്യത്തിൽ റബ്ബർ തോട്ടങ്ങളിലെ വളർച്ചയെത്തിയ റബ്ബർ മരങ്ങൾ മുറിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.213/2019/വനം തീയതി,തിരുവനന്തപുരം, 11/06/2019

---

പരാമർശം:- 1. 27/06/2018 തീയതിയിലെ സ.ഉ(കൈ) നമ്പർ.24/2018/വനം നമ്പർ സർക്കാർ ഉത്തരവ്

2. റിട്ട് പെറ്റീഷനുകളായ 40726/2018, 42622/2018 എന്നിവയിലെ 18.02.2019 തീയതിയിലെ ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ്.

3. 19/03/2019 ലെ 47/ബി2/19/വനം നമ്പർ സർക്കാർ കത്ത്

4. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-ന്റെ 24/04/2019, 08/05/2019 തീയതികളിലെ പ്രൊ(5)-42869/2018 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

തോട്ടങ്ങളിൽ നിന്നും റബ്ബർ മരങ്ങൾ മുറിക്കുന്നതിന് സീനിയറേജ് നിരക്ക് ഒഴിവാക്കിക്കൊണ്ട് പരാമർശം 1)- പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് പെറ്റീഷനുകളിൽ ബഹു. ഹൈക്കോടതി പരാമർശം 2) പ്രകാരം ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും, ഇക്കാര്യത്തിൽ കോടതിയുടെ അന്തിമവിധിക്ക് വിധേയമായി കോടതി വിധിക്കുന്ന തരത്തിൽ സീനിയറേജ് അടച്ചുകൊള്ളാമെന്ന രേഖാമൂലമുള്ള ഉറപ്പ് (Bond) സംസ്ഥാന സർക്കാരിന് നൽകികൊണ്ട് മരങ്ങൾ മുറിക്കാമെന്ന് പരാമർശം 2)- പ്രകാരം ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്നും വ്യാപകമായി മരങ്ങൾ മുറിക്കുന്നതായി പരാതികൾ ഉയരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതുള്ളതിനാൽ മുറിക്കുന്ന മരങ്ങളുടെ എണ്ണം / അളവ് എന്നിവ കണക്കാക്കി കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ വിശദമായ ഒരു പ്രപ്പോസൽ സർക്കാരിൽ സമർപ്പിക്കുവാൻ പരാമർശം 3)- പ്രകാരം

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് ലാൻഡ് & റിസോഴ്സസ്) ന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

2. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 4)- പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) ലഭ്യമാക്കിയ പ്രൊപ്പോസൽ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. റബ്ബർ തടിയുടെയും റബ്ബർ വിറകിന്റെയും സീനിയറേജ് നിരക്ക് അവസാനമായി നിർണ്ണയിച്ചത് GO (MS) No.122/2012/F&WLD dated 31.12.2012 പ്രകാരമാണ്. ആയതിൻ പ്രകാരം റബ്ബർ തടിയ്ക്ക് ക്യൂബിക് മീറ്ററിന് 2500 രൂപയും, റബ്ബർ വിറകിന് മെട്രിക് ടണ്ണിന് 900 രൂപയുമാണ് സീനിയറേജ് നിരക്ക്. തടിക്കും വിറകിനും വ്യത്യസ്ത യൂണിറ്റുകളും നിരക്കുകളും ആയതിനാൽ തടിയും വിറകും തരം തിരിച്ച് അളവെടുക്കേണ്ടതുണ്ട്.

2. വിറകിന്, നിർവ്വചന പ്രകാരം ഒരു മീറ്ററിൽ താഴെ മാത്രമെ നീളം പാടുള്ളൂ. ഒരു മീറ്ററിന് മേൽ നീളമുളളവയെല്ലാം റബ്ബർ തടിയുടെ നിർവ്വചനത്തിൽ വരും.

3. വിറകിന്റെയും തടിയുടെയും സീനിയറേജ് നിരക്കുകളിൽ കാര്യമായ വ്യത്യാസമുള്ളതിനാൽ വണ്ണമുളള തടികൾ ഒരു മീറ്റർ നീളത്തിനുള്ളിൽ മുറിച്ച് വിറക് ആക്കുന്നത് അനുവദിക്കാവുന്നതല്ല.

4. റബ്ബർ തടിയും വിറകും സാധാരണയായി നീക്കം ചെയ്യുന്നത് തൊലി നീക്കം ചെയ്തതിന് ശേഷമല്ല. ആയതിനാൽ, റബ്ബർ തടിയുടെ കാര്യത്തിൽ, തൊലിപ്പുറമുള്ള വണ്ണം എടുക്കുന്ന സാഹചര്യത്തിൽ, 5 സെന്റീമീറ്റർ ശരാശരി തൊലിവണ്ണമായി കുറക്കേണ്ടതാണ്. വിറകിന്റെ കാര്യത്തിൽ ഇപ്രകാരം തൊലിവണ്ണം കുറയ്ക്കേണ്ടതില്ല.

5. റബ്ബർ മരങ്ങൾ വെട്ടി തടിയും വിറകുമാക്കിയതിനുശേഷമാണ് തടിയുടെയും വിറകിന്റെയും അളവെടുക്കേണ്ടത്. ഒരോ മരത്തിൽ നിന്നും ശേഖരിക്കുന്ന തടിയുടെയും വിറകിന്റെയും അളവുകൾ പ്രത്യേകമായി എടുക്കുന്നത് പ്രായോഗികമല്ല. എന്നാൽ വെട്ടിയ

മരങ്ങളുടെ എണ്ണം എടുക്കേണ്ടതാണ്.

6. തൊലിപ്പുറം 6 5 സെന്റീമീറ്ററോ അതിൽ കൂടുതലോ മദ്ധ്യവണ്ണമുള്ള (തൊലിയില്ലാതെ 6 0 സെന്റീമീറ്റർ) തടികൾ ഒരു മീറ്ററിൽ കുറഞ്ഞ നീളത്തിൽ മുറിച്ചാലും ആയതിന്റെ അളവെടുത്ത് തടിയായിത്തന്നെ കണക്കാക്കേണ്ടതാണ്. മദ്ധ്യ വണ്ണം 65 സെന്റീമീറ്ററിൽ കുറഞ്ഞവയും (തൊലിയില്ലാതെ 6 0 സെന്റീമീറ്റർ) ഒരു മീറ്ററിനുമേൽ നീളത്തിൽ മുറിച്ചാൽ തടിയായിത്തന്നെ കണക്കാക്കേണ്ടതാണ്.

7. തടിയുടെ അളവ് ക്യൂബിക് മീറ്ററിൽ കണക്കാക്കേണ്ടതും (തൊലിവണ്ണമായി 1 0 സെന്റീമീറ്റർ കുറച്ചതിനുശേഷം) , വിറകിന്റെ അളവ് മെട്രിക് ടണ്ണിൽ കണക്കാക്കേണ്ടതുമാണ് (തൊലിവണ്ണം കുറയ്ക്കേണ്ടതില്ല).

8. വിറകിന്റെ അളവെടുക്കുന്നത് അട്ടിവെച്ച സ്ഥിതിയിൽ ചെയ്യേണ്ടതും 2 ക്യുബിക് മീറ്റർ അളവിന് ഒരു മെട്രിക് ടൺ വിറക് എന്ന രീതിയിൽ കണക്കാക്കേണ്ടതാണ്.

9. റബ്ബർ തോട്ടത്തെ അനുയോജ്യമായ ചെറിയ ബിറ്റുകളായി തിരിച്ച് ഓരോ ബിറ്റിലെയും എല്ലാ റബ്ബർ മരങ്ങളും വെട്ടി തടിയും വിറകുമായി രൂപാന്തരപ്പെടുത്തി വിറക് എല്ലാം അട്ടിവച്ചതിനുശേഷമാണ് തടിയുടെയും വിറകിന്റെയും അളവെടുക്കേണ്ടതാണ്. ഇപ്രകാരം അളവെടുത്ത്, വനം ഉദ്യോഗസ്ഥരും കമ്പനി പ്രതിനിധി / പ്രതിനിധികളുമൊത്ത് വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള ഒരു സംയുക്ത മഹസ്സർ തയ്യാറാക്കേണ്ടതാണ്. തോട്ടത്തിന്റെ പേര്, നടീൽ വർഷം, മുറിച്ച ബിറ്റിന്റെ വിവരണം, ഏകദേശ വിസ്തീർണ്ണം, മുറിച്ച റബ്ബർ മരങ്ങളുടെ എണ്ണം, തടിയുടെ അളവ്, വിറകിന്റെ അളവ് തുടങ്ങിയ വിവരങ്ങൾ നിർബന്ധമായും മഹസ്സറിൽ പ്രതിപാദിക്കണം. മഹസ്സറിന്റെ ഒരു കോപ്പി കൈപ്പറ്റ് രസീതോടുകൂടി കമ്പനി പ്രതിനിധിക്ക് നൽകേണ്ടതാണ്.

10. മഹസ്സറിൽ ഉൾപ്പെടാത്ത മരങ്ങളും മുറിച്ചുകൊണ്ടുപോകുവാനുള്ള

സാദ്ധ്യത പരിഗണിച്ച് പാസ് നൽകി മാത്രമെ തടി, വിറകിന്റെ കടത്തിക്കൊണ്ടുപോകൽ അനുവദിക്കാവൂ. ആയതിനായി The Kerala Forest Produce Transit Rules, 1975പ്രകാരമുള്ള Form No. VII [Rule 8(1)] ഉപയോഗിക്കാവുന്നതാണ്. ഒരു ലോഡിൽത്തന്നെ തടിയും വിറകും ഒരുമിച്ച് കൊണ്ടുപോകുന്നത് അനുവദിക്കാവുന്നതല്ല.

11. വെട്ടാനുദ്ദേശിക്കുന്ന റബ്ബർ തോട്ടങ്ങളിലെ മുഴുവൻ റബ്ബർ മരങ്ങളുടെയും എണ്ണം മുമ്പിനാലെ തന്നെ തിട്ടപ്പെടുത്തേണ്ടതാണ്. ആയത് കമ്പനി പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തി സംയുക്തമായിത്തന്നെ ചെയ്യേണ്ടതാണ്.

റബ്ബർ തോട്ടങ്ങളിലെ വളർച്ചയെത്തിയ റബ്ബർ മരങ്ങൾ മുറിക്കുമ്പോൾ മേൽ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കപ്പെടുന്നുവെന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ .എ .ജയതിലക് ഐ.എ.എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ )വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by PRAVEEN KUMAR S
Date: 2019.06.12 10:[illegible] IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പി.എസിന്
വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
വനം വന്യജീവി വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്